# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 4643 26.10.2016-ൽ മറുപടിയ്ക്ക്
## കെപ്കോ വിൽക്കുന്ന കോഴിയിറച്ചി

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ.സി.മമ്മൂട്ടി | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ മന്ത്രി) |
| എ) | കെപ്കോ വിൽക്കുന്ന ഇറച്ചി കോഴികളെ സ്വന്തം ഫാമിലാണോ വളർത്തിയെടുക്കുന്നത്; അല്ലെങ്കിൽ വേറെ എവിടെയൊക്കെയാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | എ) കെപ്കോ വിൽക്കുന്ന ഇറച്ചിക്കോഴികളെ കെപ്കോയുടെ സ്വന്തം ഇന്റഗ്രേഷൻ ഫാമുകളിലാണ് വളർത്തിയെടുക്കുന്നത്. ഈ ഇന്റഗ്രേഷൻ ഫാമുകളിൽ വളർത്തിയെടുക്കുന്ന കോഴികളെ ശാസ്ത്രീയമായി സംസ്കരിച്ചാണ് കെപ്കോ കോഴിയിറച്ചി ഉല്പാദിപ്പിക്കുന്നത്. |
| ബി) | കെപ്കോ സ്വകാര്യ കോഴിവളർത്തുകാരെ ഇതിനായി ഏതെല്ലാം രീതിയിൽ ഉപയോഗപ്പെടുത്തിവരുന്നുവെന്ന് വിശദമാക്കുമോ; | ബി) സാധാരണ ഗതിയിൽ സ്വകാര്യ കോഴിവളർത്തുകാരെ കെപ്കോയുടെ ഇന്റഗ്രേഷൻ വ്യവസ്ഥയിൽ ഇറച്ചിക്കോഴികളെ വളർത്താൻ ഉപയോഗിക്കാറുണ്ട്. ഇപ്രകാരം വളർത്തുന്ന ഇറച്ചിക്കോഴികൾക്ക് 45 ദിവസം പ്രായമാകുമ്പോൾ കോർപ്പറേഷൻ തിരിച്ചെടുക്കുന്നു. വളർത്തുകൂലിയായി കിലോ ഗ്രാമിന് ഏഴ് രൂപ മുതൽ പത്തു രൂപ വരെ കർഷകർക്കു നൽകുന്നു. |
| സി) | കോഴിയിറച്ചിക്കായി സ്വകാര്യ കോഴിവളർത്തുകാരെ കെപ്കോ സമീപിക്കേണ്ടിവരുന്നതിന്റെ കാരണം അറിയിക്കുമോ? | സി) കെപ്കോയുടെ കീഴിലുള്ള ഇന്റഗ്രേഷൻ ഫാമുകളിൽ ആവശ്യാനുസരണം ഇറച്ചിക്കോഴികൾ ലഭ്യമായതിനാൽ സാധാരണ ഗതിയിൽ സ്വകാര്യ കോഴിവളർത്തൽകാരെ സമീപിക്കേണ്ടി വരാറില്ല. എന്നാൽ കെപ്കോയുടെ ഫാമുകളിൽ വളർത്തപ്പെടുന്ന ഇറച്ചിക്കോഴികൾ മതിയാകാതെ വരുന്ന അപൂർവ്വം സന്ദർഭങ്ങളിലോ കെപ്കോ കോഴിയിറച്ചിയ്ക്ക് വേണ്ടിയുള്ള ആവശ്യം പ്രതീക്ഷിച്ചതിനേക്കാൾ കൂടുതലായിരിക്കുന്ന അവസരങ്ങളിലോ കേരളത്തിലെ ചെറുകിട സ്വകാര്യ കോഴി വളർത്തുകാരിൽ നിന്നും ജീവനുള്ള ഇറച്ചിക്കോഴികളെ വാങ്ങാറുണ്ട്. |

സെക്ഷൻ ഓഫീസർ